# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE : 01.05.2026**

## പ്രധാനവാർത്തകൾ

1. നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. വോട്ടെണ്ണൽ തിങ്കളാഴ്ച.

2. രാജ്യത്ത് ഓൺലൈൻ പണമിടപാട് ഗെയിമുകൾക്ക് സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തി. പുതിയ ചട്ടങ്ങൾ പ്രാബല്യത്തിൽ.

3. ഡീസലിന്റെയും വ്യോമയാന ഇന്ധനത്തിന്റെയും കയറ്റുമതി തീരുവ കേന്ദ്രസർക്കാർ കുറച്ചു.

4. തൊഴിലാളികളുടെ ത്യാഗവും സഹിഷ്ണുതയും ഓർമ്മപ്പെടുത്തി ഇന്ന് സാർവ്വദേശീയ തൊഴിലാളി ദിനം.

5. സംസ്ഥാനത്ത് വേനൽ മഴ ശക്തി പ്രാപിക്കുന്നു. നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത .

6. ഐപിഎലിൽ ഇന്ന് ഡൽഹി- രാജസ്ഥാനെ നേരിടും. ഐഎസ്എലിൽ ജംഷഡ്പൂർ -ഗോവ പോരാട്ടം.

*******************************

RNU TVPM

### തിരഞ്ഞെടുപ്പ് - വോട്ടെണ്ണൽ

നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന കേരളം, തമിഴ്നാട്, പശ്ചിമബംഗാൾ, അസം എന്നീ സംസ്ഥാനങ്ങളിലും

പുതുച്ചേരിയിലും വോട്ടെണ്ണലിനുള്ള ക്രമീകരണങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നു. തിങ്കളാഴ്ച രാവിലെ എട്ട് മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. ആദ്യം തപാൽ വോട്ടുകളാവും എണ്ണുക. അരമണിക്കൂറിന് ശേഷം വോട്ടിങ്ങ് മെഷീനിലെ വോട്ടുകൾ എണ്ണിത്തുടങ്ങും.

******************************

## വോട്ടെണ്ണൽ - നിയന്ത്രണം

നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടക്കുന്ന ഹാളിൽ കർശനമായ നിയന്ത്രണങ്ങളാവും ഏർപ്പെടുത്തുക. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ പ്രവേശിക്കുന്നതിന് റിട്ടേണിങ് ഓഫീസർ അടക്കമുള്ളവർക്ക് ക്യുആർ കോഡ് അധിഷ്ഠിത സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. വോട്ടെണ്ണൽ കേന്ദ്രത്തിൽ എത്തുന്ന കൗണ്ടിങ് ഏജന്റുമാർക്കു വേണ്ടിയും തെരഞ്ഞെടുപ്പ് കമ്മീഷൻ കൃത്യമായ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

RNU TVPM

******************************

## വോട്ടണ്ണൽ - കോഴിക്കോട് (ഇൻട്രോ)

വോട്ടെണ്ണലിന് മുന്നോടിയായി കോഴിക്കോട് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ്ങിന്റെ അധ്യക്ഷതയിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ചേർന്നു. വോട്ടെണ്ണൽ കേന്ദ്രങ്ങൾ, കൗണ്ടിങ് ഏജന്റുമാരുടെ ക്രമീകരണം, പോസ്റ്റൽ ബാലറ്റ്, ഇ.വി.എം വോട്ടുകൾ എന്നിവ എണ്ണുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

(വോയ്സ്)

******************************

## തൊഴിലാളി ദിനം

തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹികവുമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി നടത്തിയ പോരാട്ടങ്ങളുടെയും ത്യാഗങ്ങളുടെയും ഓർമ്മ പുതുക്കി ഇന്ന് സാർവ്വദേശീയ തൊഴിലാളി ദിനം. ഗവർണർ രാജേന്ദ്ര് വിശ്വനാഥ് ആർലേക്കർ തൊഴിലാളികൾക്ക് മെയ് ദിന ആശംസകൾ നേർന്നു. എട്ടു മണിക്കൂർ ജോലി എന്ന ന്യായമായ ആവശ്യത്തിനായി 1886-ൽ അമേരിക്കയിലെ ചിക്കാഗോയിൽ നടന്ന ചരിത്രപ്രസിദ്ധമായ 'ഹേമാർക്കറ്റ് സമരം' ആണ് മെയ് ദിനത്തിന്റെ ആധാരശില. തുടർന്ന് 1889-ലെ പാരീസ് സോഷ്യലിസ്റ്റ് സമ്മേളനത്തിന് പിന്നാലെയാണ് മെയ് ഒന്ന് അന്താരാഷ്ട്ര തലത്തിൽ തൊഴിലാളി ദിനമായി ആചരിക്കാൻ തുടങ്ങിയത്.

RNUTVPM

******************************

## ഓൺലൈൻ - ഗെയിമുകൾ

രാജ്യത്ത് ഓൺലൈൻ പണമിടപാട് ഗെയിമുകൾക്ക് സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തി. പുതിയ ചട്ടങ്ങൾ ഇന്ന് മുതൽ പ്രാബല്യത്തിൽ വരും. 2025-ലെ ഓൺലൈൻ ഗെയിമിംഗ് നിയന്ത്രണ നിയമത്തിന്റെ ഭാഗമായാണ് നടപടി. പുതിയ ചട്ടങ്ങൾ പ്രകാരം പണം വെച്ചുള്ള ഓൺലൈൻ ഗെയിമുകളുടെ പരസ്യങ്ങൾ നൽകുന്നതിനും സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനും അനുമതിയുണ്ടാവില്ല. നിയമലംഘനത്തിന് തടവും പിഴയും ഉൾപ്പെടെയുള്ള ശിക്ഷാ നടപടികളും ഉണ്ടാകും. ഗെയിമിംഗ് മേഖലയെ നിരീക്ഷിക്കുന്നതിനായി കേന്ദ്ര ഐടി മന്ത്രാലയത്തിന് കീഴിൽ 'ഓൺലൈൻ ഗെയിമിംഗ് അതോറിറ്റി ഓഫ് ഇന്ത്യ' എന്ന പേരിൽ ഏകീകൃത റെഗുലേറ്റർ രൂപികരിച്ചു.

*****************************

<u>ബുദ്ധപൂർണ്ണിമ</u>

ഇന്ന് ബുദ്ധപൂർണ്ണിമ. ഗൗതമബുദ്ധൻ ജനിച്ചതും നിർവാണം പ്രാപിച്ചതും ഇതേ ദിവസമാണ്. ഇന്ത്യ, നേപ്പാൾ, ഭൂട്ടാൻ, ബർമ്മ, തായ്‌ലൻഡ്, ടിബറ്റ്, കൊറിയ തുടങ്ങി ലോകമെമ്പാടുമുള്ള ബുദ്ധമത വിശ്വാസികൾ ഈ ദിവസം ആഘോഷിക്കുന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്ര മോദി അടക്കമുള്ള പ്രമുഖർ ബുദ്ധ പൂർണിമ ആശംസകൾ നേർന്നു. ബുദ്ധന്റെ അധ്യയനങ്ങൾ സമാധാനത്തിന്റെയും സഹിഷ്ണുതയുടെയും പരസ്പര ഐക്യത്തിന്റെയും പാതയിലേക്ക് സഞ്ചരിക്കാൻ സർവരെയും പ്രചോദിപ്പിക്കുമെന്ന് രാഷ്ട്രപതി പറഞ്ഞു.

*****************************

<u>ബുദ്ധ പൂർണ്ണിമ-പാലക്കാട് (ഇൻട്രോ)</u>

ബുദ്ധപൂർണ്ണിമയിൽ പാലക്കാട് ജില്ലയിലെ ബുദ്ധമത വിശ്വാസികൾ ഒത്തുകൂടുന്ന ഇടമാണ് കാക്കയൂർ വൃന്ദാവനത്തിലെ ബോധിവൃക്ഷ ചുവട്ടിലെ ബുദ്ധക്ഷേത്രം. എല്ലാ വർഷത്തെയും പതിവിന് ഇക്കുറിയും മാറ്റമില്ല.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്......**

(വോയ്സ്)

*****************************

PNU TVPM

## കയറ്റുമതി തീരുവ

ഡീസലിന്റെയും വ്യോമയാന ഇന്ധനത്തിന്റെയും കയറ്റുമതി തീരുവ കേന്ദ്രസർക്കാർ കുറച്ചു. ഡീസലിന്റെ കയറ്റുമതി തീരുവ ലിറ്ററിന് 23 രൂപയായും വ്യോമയാന ഇന്ധനത്തിന് ലിറ്ററിന് 33 രൂപയുമായാണ് കുറച്ചത്. പെട്രോളിന് കയറ്റുമതി തീരുവയില്ല. അതേസമയം പൊതുജനങ്ങൾക്ക് വിതരണം ചെയ്യുന്ന പെട്രോളിൻറെയും ഡീസലിൻറെയും വിലയിൽ മാറ്റമുണ്ടാകില്ലെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് അറിയിച്ചു. പശ്ചിമേഷ്യൻ പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, പെട്രോളിയം ഉൽപ്പന്നങ്ങളുടെ ആഭ്യന്തര ലഭ്യത ഉറപ്പാക്കുന്നതിനാണ് മാർച്ച് 27 മുതൽ ഇന്ധനങ്ങൾക്ക് കയറ്റുമതി തീരുവ ഏർപ്പെടുത്തിയത്.

RJU TVPM

*******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*******************************

## മഴ നാശനഷ്ടം

കനത്ത ചൂടിന് ആശ്വാസം പകർന്ന് സംസ്ഥാനത്തിന്റെ പലയിടങ്ങളിലും ഇന്നലെ വേനൽ മഴ എത്തി. എന്നാൽ ശക്തമായ മഴയിലും കാറ്റിലും പലയിടങ്ങളിലും നാശനഷ്ടമുണ്ടായി. പാലക്കാട് അട്ടപ്പാടിയിൽ ഓട്ടോറിക്ഷയ്ക്ക് മുകളിൽ മരംവീണ് യുവതി മരിച്ചു. കൽക്കണ്ടി സ്വദേശി സോണിയ ആണ് മരിച്ചത്. ഗൂളിക്കടവ്- ചിറ്റൂർ റോഡിൽ മരങ്ങൾവീണ്

ഗതാഗതവും വൈദ്യുതിയും തടസ്സപ്പെട്ടു. ഇടുക്കി ജില്ലയിലെ തൊടുപുഴ മേഖലയിൽ ഉണ്ടായ കനത്ത കാറ്റിലും മഴയിലും ചുങ്കം സെൻ്റ് മേരീസ് ക്നാനായ കാത്തോലിക് പള്ളിയുടെ സമീപമുള്ള ഗോഡൗണിന്റെ മേൽക്കൂര തകർന്നു വീണ് നാശനഷ്ടം ഉണ്ടായി. കണ്ണൂരിലെ നഗര പ്രദേശങ്ങളിലും കോഴിക്കോട് മലയോര മേഖലയിലും ഇന്നലെ ഇടിമിന്നലോടു കൂടിയ ശക്തമായ മഴ പെയ്തു.

*******************************

## കാലാവസ്ഥ-സംസ്ഥാനം

സംസ്ഥാനത്ത് വേനൽ മഴ ശക്തി പ്രാപിക്കുന്നു. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കോട്ടയം, ഇടുക്കി, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. വിവിധ ജില്ലകളിൽ പകൽ 10 മുതൽ 3 മണിവരെയുള്ള സമയങ്ങളിൽ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട്.

RNU TVPM

*******************************

## ലക്ഷദ്വീപ് - കൺവീനർ

കേരള-ലക്ഷദ്വീപ് മേഖലയുടെ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ പുതിയ കൺവീനറായി കനറാ ബാങ്ക് ജനറൽ മാനേജർ സന്തോഷ് വി.എസിനെ നിയമിച്ചു. മേഖലയിലെ ബാങ്കിംഗ് പ്രവർത്തനങ്ങളും വികസന പദ്ധതികളും ഏകോപിപ്പിക്കുകയെന്നതാണ് SLBCയുടെ ലക്ഷ്യം.

*******************************

## വിനോദ സഞ്ചാരം - ആലപ്പുഴ(ഇൻട്രോ)

വേനലവധിക്കാലത്ത് ആലപ്പുഴയിലെ വിനോദ സഞ്ചാര മേഖല ഉണർവിൽ. കായലോരത്തും കടലോരത്തും ഉള്ള ചെറുതും വലുതുമായ ടൂറിസം സംരംഭങ്ങളിൽ തിരക്ക് വർദ്ധിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി രവികുമാർ............**

(വോയ്സ്)

********************************

## മംഗളാദേവി ചിത്രാപൗർണ്ണമി

പെരിയാർ കടുവ സങ്കേതത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന ചരിത്രപ്രസിദ്ധമായ മംഗളാദേവി ക്ഷേത്രത്തിൽ ചിത്രാപൗർണ്ണമി ഉത്സവം ഭക്തിസാന്ദ്രമായി. ചൈത്ര മാസത്തിലെ ചിത്തിരനാളിലെ പൗർണ്ണമി നാളിൽ മാത്രം ഭക്തർക്കായി തുറക്കുന്ന പുരാതന കണ്ണകി ക്ഷേത്രത്തിലേക്ക് കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നുമായി പതിനായിരക്കണക്കിന് ഭക്തരാണ് ഒഴുകിയെത്തിയത്. ഇരു സംസ്ഥാനങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിലാണ് ഉത്സവം സംഘടിപ്പിച്ചത്.

RNUTVPM

********************************

## സംഗീതോത്സവം

സ്വാതി തിരുനാൾ ജയന്തിയോടനുബന്ധിച്ച് ആകാശവാണിയുടെ കേരള നിലയങ്ങൾ സംയുക്തമായി സംഘടിപ്പിച്ച സ്വാതി തിരുനാൾ സംഗീതോത്സവത്തിന്റെ ഭാഗമായുള്ള സംഗീതാർച്ചന തിരുവനന്തപുരം കോട്ടയ്ക്കകം ലെവി ഹാളിൽ നടന്നു. ആകാശവാണി തത്സമയം പ്രക്ഷേപണം ചെയ്ത സംഗീതാർച്ചനയിൽ മരുത്തോർവട്ടം ബാബു, അജിത് പ്രസാദ്

ആർ, ശിവകാമി നടരാജൻ, വി സിത്താര കൃഷ്ണമൂർത്തി, പുഷ്പവതി പൊയ്യ്പാടത്ത് എന്നിവർ സ്വാതി തിരുനാൾ കൃതികൾ അവതരിപ്പിച്ചു.

*******************************

## കഥാപ്രസംഗ മഹോത്സവം

കണ്ണൂർ പെരിങ്ങോം പോത്താങ്കണ്ടം ആനന്ദഭവനത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന അഞ്ചാമത് കഥാപ്രസംഗ മഹോത്സവം ഇന്ന് ആരംഭിക്കും. പയ്യന്നൂർ ശ്രീപ്രഭ ഓഡിറ്റോറിയത്തിൽ നടക്കുന്ന പരിപാടിയിൽ പ്രമുഖ കാഥികരായ വസന്തകുമാർ സാംബശിവൻ, സീന പള്ളിക്കര, വി.ഹർഷകുമാർ, കായംകുളം വിമല, എം.ആർ.പയ്യട്ടം തുടങ്ങിയവർ പങ്കെടുക്കും. കഥാപ്രസംഗ മഹോത്സവം ഈ മാസം ഒമ്പതിന് സമാപിക്കും.

RNU TVPM

*******************************

## ഐ എസ് എൽ ഫുട്ബോൾ

ISL ഫുട്ബോളിൽ ജംഷഡ്പൂർ ഇന്ന് ഗോവയെ നേരിടും. ജംഷഡ്പൂർ JRD ടാറ്റ സ്പോർട്സ് കോംപ്ലക്സിൽ രാത്രി 7.30 നാണ് മത്സരം.

*******************************

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ്- രാജസ്ഥാൻ റോയൽസിനെ നേരിടും. ഇന്നലെ രാത്രി നടന്ന മത്സരത്തിൽ ഗുജറാത്ത്, ബെംഗളൂരുവിനെ 4 വിക്കറ്റിന് പരാജയപ്പെടുത്തി.

******************************* ******************************* ***************
***************